# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 3876 21.06.2019- ൽ മറുപടിക്ക്**

## കുന്നത്തറ ടെക് സ്റ്റൈൽസ്

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കുന്നത്തറ ടെക്സ്റ്റൈൽസ് ഏറ്റെടുക്കണം എന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനത്തിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;<br><br>(ബി) പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് എല്ലാ അനുബന്ധ സൗകര്യങ്ങളും ഉള്ള കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമി കോടതി ലിക്വിഡേഷനിലൂടെ തുച്ഛമായ വിലയ്ക്ക് നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(സി) സർക്കാർ മേഖലയിലെ ഏതെങ്കിലും സ്ഥാപനങ്ങളോ സഹകരണ മേഖലയിലെ ഏതെങ്കിലും സ്ഥാപനങ്ങളോ ആവശ്യപ്പെടുന്ന പക്ഷം ഈ ഭൂമി ഏറ്റെടുത്ത് നൽകാൻ തയ്യാറാകുമോ യെന്ന് അറിയിക്കുമോ? | (എ) (ബി) & (സി) കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ആസ്തികൾ ഏറ്റെടുത്ത് വിൽക്കുന്നതിനു ഒഫിഷ്യൽ ലിക്വിഡേറ്ററെ ബഹു.ഹൈക്കോടതി ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. ഒഫീഷ്യൽ ലിക്വിഡേറ്ററുടെ എസ്റ്റിമേറ്റ് പ്രകാരം കമ്പനിയുടെ ആസ്തി 9,11,64,217/- രൂപ മാത്രമാണ്. ഇതിനേക്കാൾ കൂടുതലാണ് നിലവിലെ ബാധ്യത കണക്കാക്കിയിട്ടുള്ളത്. പിന്നീട് കമ്പനിയുടെ ആസ്തി 12.80 കോടി രൂപയായി പുതുക്കി നിശ്ചയിച്ചിരുന്നു. 11.65 ഏക്കർ മാത്രം വരുന്ന കമ്പനി ഭൂമി ഇൻഡസ്ട്രിയൽ പാർക്ക് തുടങ്ങുന്നതിന് പര്യാപ്തമല്ലെന്ന് കിൻഫ്ര അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനം സർക്കാർ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നില്ലെന്നും കമ്പനിയുടെ സമാപ്തീകരണ നടപടികളുമായി മുന്നോട്ടു പോകുന്നതിനാണ് സർക്കാർ തീരുമാനമെന്നും ബഹു.ഹൈക്കോടതിയെ അറിയിച്ചിട്ടുള്ളതാണ്. കമ്പനിയുമായി ബന്ധപ്പെട്ട കേസ് ബഹു.ഹൈക്കോടതിയിൽ നിലനിൽക്കുന്നതിനാൽ ബഹു.ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രമേ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. വ്യക്തമായ പദ്ധതിരേഖകൾ സമർപ്പിച്ചാൽ കോടതിയുടെ അനുവാദത്തോടെ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ